**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
**E-mail: ceekinfo.cee@kerala.gov.in**
**Telephone: 0471 - 2525300**

**വിജ്ഞാപനം**

**കീം 2024**
**മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള**
**പ്രവേശനം-2024**
**അന്തിമ കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചു.**

**2024** ലെ മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള (കീം **2024**) പ്രവേശനത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികളിൽ വിവിധ കാറ്റഗറി/കമ്മ്യൂണിറ്റി സംവരണം/ഫീസാനുകൂല്യം എന്നിവയ്ക്ക് അർഹരായവരുടെ അന്തിമ കാറ്റഗറി ലിസ്റ്റ് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച താത്കാലിക കാറ്റഗറി ലിസ്റ്റ് സംബന്ധിച്ച് ലഭിച്ച സാധുവായ പരാതികൾ പരിശോധിച്ച ശേഷമാണ് അന്തിമ കാറ്റഗറി ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. വിദ്യാർത്ഥികൾക്ക് '**KEAM 2024 - Candidate Portal**' ലെ '**Category List** ' എന്ന മെനു ക്ലിക്ക് ചെയ്ത് അന്തിമ കാറ്റഗറി ലിസ്റ്റ് കാണാവുന്നതാണ്.

എൻ.ആർ.ഐ ക്വാട്ട പ്രവേശനത്തിനായി കാലാവധി കഴിഞ്ഞതോ, കഴിയാറായതോ ആയ വിസ ഓൺലൈൻ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ളവരിൽ സ്പോൺസറിൽ നിന്നുള്ള സത്യവാങ്മൂലം സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികളെ താത്കാലികമായി എൻ.ആർ.ഐ കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരം വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ

കമ്മീഷണർ നിശ്ചയിക്കുന്ന എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള മൂന്നാം ഘട്ട അലോട്ട്മെന്റിനായുള്ള ഓപ്ഷൻ റജിസ്ട്രേഷന്റെ അവസാന തീയതിക്ക് മുൻപായി കാലാവധിയുള്ള വിസ/acknowledgement സമർപ്പിക്കാത്തപക്ഷം എൻ.ആർ.ഐ കാറ്റഗറിയും, എൻ.ആർ.ഐ കാറ്റഗറിയിൽ അലോട്ട്മെന്റ് ലഭിച്ച് അഡ്മിഷൻ നേടുകയാണെങ്കിൽ പ്രസ്തുത അലോട്ട്മെന്റും റദ്ദാകുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signed by
Sudhir K
Date: 19-08-2024 18:52:44

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**19-08-2024**